പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .1772

16.06.2014-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ-സമാശ്വാസ പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ശശി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ-സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംവിധാനം വിശദമാക്കുമോ ; | (എ) | ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മത്സ്യഭവൻ ഓഫീസുകൾ വഴി മത്സ്യഗ്രാമ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളിൽ നിന്നും പ്രതിമാസം 75/- രൂപ ശേഖരിക്കുകയും തുല്യമായ കേന്ദ്ര സംസ്ഥാന വിഹിതം കൂടി ചേർത്ത് 1800/- രൂപ പഞ്ഞമാസക്കാലത്ത് (മെയ്, ജൂൺ, ജൂലൈ) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു. പദ്ധതി സുതാര്യമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിനായി പദ്ധതിയിൽ ചേരുന്ന എല്ലാ ഗുണഭോക്താക്കൾക്കും കോർബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ വർഷവും നൽകിയ തുക എത്ര; എത്ര തൊഴിലാളികൾക്ക് പ്രസ്തുത തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ? | (ബി) | 2010-11 സാമ്പത്തിക വർഷത്തിൽ 1,81,203 ഗുണഭോക്താക്കൾക്ക് കേന്ദ്ര സംസ്ഥാന വിഹിതമായി 21.55 കോടി രൂപയും 2011-12 സാമ്പത്തിക വർഷത്തിൽ 1,85,348 ഗുണഭോക്താക്കൾക്ക് 21.20 കോടി രൂപയും 2012-13 വർഷത്തിൽ 1,76,569 ഗുണഭോക്താക്കൾക്ക് 20.41 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 1,61,405 ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ